# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2841 13.07.2015-ൽ മറുപടിയ്ക്ക്

### കാസർഗോഡ് ജില്ലയിലെ വർഗ്ഗീയ സംഘട്ടനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. കുഞ്ഞിരാമൻ (ഉദുമ) | ഉമ്മൻചാണ്ടി<br>( മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ വർഗ്ഗീയതയും ജാതീയതയും പ്രചരിപ്പിക്കുകയും നിസ്സാര കാരണങ്ങൾപോലും വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ വഴിമാറ്റപ്പെടുകയും ചെയ്യുന്ന ആസൂത്രിത സംഭവങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും ജനങ്ങളിൽ വർഗ്ഗീയതക്കും ജാതീയതക്കും തീവ്രവാദത്തിനുമെതിരെ അവബോധം വളർത്തി ജില്ലയിൽ മതസൗഹാർദ്ദം കാത്തു സൂക്ഷിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) ജന സമൂഹത്തിന്റെ വിശ്വാസം ആർജ്ജിച്ച് വർഗ്ഗീയതയ്ക്കും ജാതീയതയ്ക്കുമെതിരെ അവബോധം വളർത്തുന്നതിലും, വ്യത്യസ്ത മത വിഭാഗങ്ങൾക്കിടയിൽ മത സൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനുമായി പോലീസ് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജനമൈത്രി പോലീസ് പദ്ധതി വഴി ജനങ്ങളുമായി നിരന്തരം ഇടപെടുകയും സാമുദായികമായി ചേരിതിരിവുകൾ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മത സൗഹാർദ്ദവും പരസ്പര വിശ്വാസവും വളർത്തിയെടുക്കുന്നതിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പരിപാടികൾ സംഘിപ്പിച്ചു വരുന്നുണ്ട്. സ്റ്റുഡന്റ് പോലീസ് പദ്ധതിയിലൂടെ വിദ്യാർത്ഥി സമൂഹത്തിന് സാമുദായിക ചേരിതിരിവുകൾക്കതീതമായി പ്രവർത്തിക്കുന്നതിനായി ബോധവൽക്കരണ പരിപാടികളും ക്ലാസുകളും നടത്തി വരുന്നുണ്ട്. ജില്ലയിലെ സാമൂഹ്യ സാംസ്കാരിക സംഘടനകൾ, വിവിധ പ്രദേശങ്ങളിലെ റസിഡൻസ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ സാമുദായികമായ വിഭാഗീയ ചിന്തകൾക്കെതിരായി നിലകൊള്ളുന്നതിനും സുരക്ഷിതമായ പൊതു ജീവിതം ഉറപ്പുവരുത്തുന്നതിനുമായി വിവിധങ്ങളായ കർമ്മ പരിപാടികൾ നടത്തി വരുന്നുണ്ട്. കൂടാതെ അനിഷ്ട സംഭങ്ങൾ ഉണ്ടാവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ 24 മണിക്കൂറും അതീവ ജാഗ്രതയോടെയുള്ള പോലീസ് നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ